**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1165** **12-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനുമായി നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനുമായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം എന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനുമായി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കി വരുന്ന വികസന ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. സമ്പാദ്യ സമാശ്വാസ പദ്ധതി<br>2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ<br>3. വിദ്യാഭ്യാസ സഹായ പദ്ധതികൾ<br>4. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി.<br>5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.<br>6. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 75% സബ്സിഡിയോടുകൂടി ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി.<br>7. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് എഫ്.ആർ.പി ബോട്ട്, ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ എന്നിവ നൽകുന്ന പദ്ധതി.<br>8. സമുദ്ര പദ്ധതി (മത്സ്യത്തൊഴിലാളി വനിതകൾക്ക് ബസ് സർവ്വീസ്)<br>9. മത്സ്യത്തൊഴിലാളികൾക്ക് തുടർ ചികിത്സാ ധനസഹായം നൽകുന്നതിനായി സാന്ത്വനതീരം പദ്ധതി<br>10. ഓഖി പുനരധിവാസ പദ്ധതികൾ.<br>11. മത്സ്യത്തൊഴിലാളി/ അനുബന്ധ തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി.<br><br>12. പുനർഗേഹം പദ്ധതി. |

സംസ്ഥാനത്ത് കടൽ ക്ഷോഭം മൂലം ജീവനും സ്വത്തിനും ഭീഷണി നേരിടുന്ന മത്സ്യതൊഴിലാളികളുടെ ക്ഷേമത്തിനായി മത്സ്യതൊഴിലാളികളുൾപ്പടെയുള്ള തീരദേശ നിവാസികളെ പുനരധിവസി പ്പിക്കുന്നതിനായുള്ള ബൃഹത് പദ്ധതിയാണ് പുനർഗേഹം. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉൾപ്പെടെ മുഴവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം പദ്ധതി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

**<u>കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.</u>**

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി
2. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം
3. വിവാഹ ധനസഹായ പദ്ധതി
4. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.
5. വാർദ്ധക്യ കാല പെൻഷൻ
6. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതക്ക് ആശ്വാസ ധനസഹായ പദ്ധതി
7. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി
8. എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്
9. കുടുംബ സംവിധാന പദ്ധതി
10. മാരകരോഗ ചികിൽസാ പദ്ധതി
11. ചെയർമാൻസ് റിലീഫ് ഫണ്ട്
12. പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി
13. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി
14. വിധവാ പെൻഷൻ
15. കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി
16. ബോർഡിന്റെ പ്രത്യേക ധനസഹായം

**<u>മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ.</u>**

1. ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)

2. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻഎം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യസ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള വായ്പ പദ്ധതികൾ

a. ടേം വായ്പകൾ

b. മൈക്രോഫിനാൻസ് വായ്പ

c. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി

3. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS)

4. വലകൾക്കുള്ള സബ്സിഡി പദ്ധതി

5. നാടൻ വള്ളങ്ങളുടെ നവീകരണം

6.മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി

7. മത്സ്യത്തൊഴിലാളികൾക്കുള്ള കിസാൻ ക്രെഡിറ്റ് കാർഡ് (KCC)

8. ബ്ലൂ റവല്യൂഷൻ / പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതി (PMMSY)

9. മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ സബ്സിഡി

10. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി

11. മത്സ്യത്തൊഴിലാളി ക്ഷേമനിധി

12. മത്സ്യത്തൊഴിലാളികളുടെ വായ്പയിന്മേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

13. മത്സ്യവിപണനം

14. പ്രധാന മന്ത്രി മത്സ്യസമ്പദാ യോജന പദ്ധതിയിൽ - ഫൈബർ ഗ്ലാസ് വള്ളങ്ങൾ, വല, എഞ്ചിൻ എന്നിവയുടെ വിതരണം.

15. പ്രധാന മന്ത്രി മത്സ്യസമ്പദാ യോജന പദ്ധതിയിൽ - ആഴക്കടൽ മത്സ്യബന്ധന ബോട്ടുകളുടെ വിതരണം.

| | | | |
|---|---|---|---|
| | | | **<u>മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ.</u>**<br><br>1. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)<br><br>a) കപ്പാസിറ്റി ബിൽഡിങ് ട്രെയിനിംഗ് പ്രോഗ്രാമുകൾ (Capacity Building Programme)<br><br>b) പലിശ രഹിത ചാക്രികമൂലധന സഹായം (Interest free Working Capital Revolving Fund)<br><br>c) Solidarity fund to struggling units<br><br>d) യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ<br><br>e) Community Wellness Interventions<br><br>f)സാങ്കേതിക വിദ്യാ നവീകരണ പദ്ധതി.<br><br>g) ബ്രാന്റിംഗ് & മാർക്കറ്റിങ്ങ്<br><br>2. JLG Project for Ensuring Livelihood Security of fisher women in Kerala<br><br>3. കേരള ബാങ്ക് മുഖേന ദീർഘകാല വായ്പപദ്ധതി<br><br>4. സ്നേഹതീരം പദ്ധതി<br><br>5. Model Peeling Unit<br><br>6. Gender Equality & Women Empowerment Policy - Digital Media & Marketing<br><br>7. Online marketing & sale<br><br>8. തീരമൈത്രി സീ ഫുഡ് റെസ്റ്റോറന്റ്<br><br>9. Strengthening of Category Federation |
| (ബി) | കാലാവസ്ഥ വ്യതിയാനം മൂലം മത്സ്യസമ്പത്ത് കുറയുന്നതും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമാകുന്നതുമായ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് വേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | കാലാവസ്ഥാ വ്യതിയാനവും അതുമൂലം ഉണ്ടാകുന്ന മുന്നറിയിപ്പും കാരണം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന മത്സ്യത്തിന്റെ അളവിൽ കുറവുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് മത്സ്യബന്ധനമേഖലയിൽ ഗുരുതരമായ പ്രതിസന്ധികൾ ഉണ്ടാക്കുമെന്ന് മനസ്സിലാക്കി സർക്കാർ മത്സ്യ സമ്പത്ത് സംരക്ഷിയ്ക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും വേണ്ടി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ട്രോൾ ബാൻ കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്നതും വറുതിയിലാകുന്നതുമായ |

| | | | |
|---|---|---|---|
| | | | യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ മുൻ വർഷങ്ങളിൽ നൽകിവരുന്നുണ്ട്. ഈ വർഷവും സൗജന്യ റേഷൻ നൽകുന്നതിനുള്ള പ്രൊപ്പോസൽ ഫിഷറീ സ് ഡയറക്ടർ തയ്യാറാക്കി സമർപ്പിക്കുകയും ആയതിന് അംഗീകാരം നൽകി ഉത്തരവായിട്ടുമുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളതുമായ മത്സ്യത്തൊഴിലാളികൾക്ക് മുൻകാലങ്ങളെ പോലെ ഈ കാലയളവിലും 4,500/- രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ദീർഘകാല കാലാവസ്ഥാ മുന്നറിയിപ്പുകളുടെ സാഹചര്യത്തിലും മത്സ്യബന്ധന നിരോധന സമയത്തും തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ സൗജന്യ റേഷൻ ഉൾപ്പെടെ സാധ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ട്. 2020-21 കാലയളവിൽ കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് 19 എന്നിവയുടെ ദുരിതാശ്വാസ സഹായമായി 36.126 (SDRF, CMDRF) കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021 ലെ കാലാവസ്ഥാ മുന്നറിയിപ്പ് മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 47.84 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2021-22 ലെ ടൗട്ടേ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി കൾക്ക് 18.36 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് (KFWFB)-ന്റെ കീഴിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് 2021- ൽ കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി 32.47 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. 2022 ഏപ്രിൽ, മേയ്, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥാ മുന്നറിയിപ്പ് മൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് സമുദ്ര-അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 50.027 കോടി രൂപ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ